## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1028 — 14-06-2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

# റവന്യൂ ഭൂമി കൈയ്യേറ്റം തടയൽ

| ചോദ്യം<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം കേരളത്തിലെ റവന്യൂ ഭൂമി കയ്യേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും തിരിച്ച് പിടിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) സർക്കാർ ഭൂമി കയ്യേറുന്നവർക്കും ഭൂമി കൈയ്യേറ്റത്തിന് സഹായിക്കുന്നവർക്കും 3 വർഷം മുതൽ 5 വർഷം വരെ തടവു ശിക്ഷയും 5000 മുതൽ 2 ലക്ഷം രൂപ വരെ പിഴ ശിക്ഷയും നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ 0.20.23 ഹെക്ടർ ( 50 സെന്റ്) വിസ്തീർണ്ണത്തിൽ കൂടുതലുള്ള സർക്കാർ ഭൂമി ജണ്ട ഇട്ട് സംരക്ഷിക്കുവാനുള്ള നടപടിക്ക് ഇടുക്കി ജില്ലയിൽ ബഹു. റവന്യൂ വകുപ്പുമന്ത്രി തുടക്കം കുറിച്ചിട്ടുള്ളതാണ്. സർക്കാർ ഭൂമിയിലെ കയ്യേറ്റം തടയുന്നതിനും കാര്യക്ഷമമായി സംരക്ഷിക്കുന്നതിനും ' പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സ്" (PLPF) രൂപീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ പ്രസ്തുത ഫോഴ്സിനെ വിന്യസിച്ചിരിക്കുകയുമാണ്.<br>പൊതുജനങ്ങളുടെ സഹായത്തോടുകൂടി സർക്കാർ ഭൂമി സംരക്ഷണം ഉറപ്പാക്കുന്നതിന് ഭൂമി സംബന്ധമായ മുഴുവൻ വിവരങ്ങളും എല്ലാ ജനങ്ങൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടിയും റവന്യൂ വകുപ്പിന് കീഴിലുള്ള സർക്കാർ ഭൂമിയുടെ ഫോട്ടോ, സ്കെച്ച് മറ്റ് അനുബന്ധ വിവരങ്ങൾ എന്നിവ ശേഖരിച്ച് www.kslb.kerala.gov.in എന്ന |

(.........2)

| | |
|---|---|
| | വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. ജില്ലകളിലെ റവന്യു പുറമ്പോക്ക് ഭൂമിയിൽ അനധികൃത കയ്യേറ്റം ഉണ്ടാകാതിരിക്കുവാൻ ആയത് വില്ലേജ് ഓഫീസർമാരുടെ നിരീക്ഷണത്തിലുമാണ്. മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള സർക്കാർ ഭൂമിയുടെ വിശദാംശം ഡിജിറ്റൈസ് ചെയ്യുന്നതിനും നടപടികൾ നടന്നുവരികയാണ്.<br>കൂടാതെ സർക്കാർ ഭൂമിയിലെ കയ്യേറ്റം പൊതുജനങ്ങളുടെ സഹായത്തോടുകൂടി യഥാസമയം നിയന്ത്രിക്കുന്നതിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള IVRS സംവിധാനം ടോൾഫ്രീ നമ്പരായ 18004255255 എന്ന നമ്പരിൽ നിലവിൽ ഉണ്ട്. |
| ബി) മുഴുവൻ സർക്കാർ ഭൂമിയും അളന്ന് തിട്ടപ്പെടുത്തുന്ന നടപടികൾ എപ്രകാരം പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നത് ? | ബി) 03.03.2012-ലെ ജി.ഒ.(എം.എസ്) നം. 93/12/ആർ.ഡി. പ്രകാരം ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ലാന്റ് ഗവർണൻസ് സൊസൈറ്റി ഓഫ് കേരള എന്ന ഒരു സ്ഥാപനം രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത സൊസൈറ്റിയുടെ കീഴിൽ കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ കീഴിലുള്ള GPS സർവെ ടീമിന്റെ സഹായത്തോടുകൂടി ഓരോ വില്ലേജിലും 30 GCP (Ground Control Point) -കൾ സ്ഥാപിച്ച് സർവ്വെ & ബൗണ്ടറീസ് റൂൾസ് 1964-ലെ റൂൾ 82 പ്രകാരം സർക്കാർ ഭൂമി സാറ്റ്‌ലൈറ്റ് സഹായത്തോടുകൂടി WGS-84 എന്ന നൂതന സങ്കേതിക വിദ്യ അവലംബിച്ച് സർവെ ചെയ്യുന്നതിനുള്ള നടപടികൾ ലാന്റ് ബാങ്കിന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്. ഇതിനോടൊപ്പം റീ സർവ്വെ കഴിയാത്ത 5 വില്ലേജുകളിലെ 175 കേസുകളിലെ സർക്കാർ ഭൂമികളിലെ ഇപ്രകാരമുള്ള സർവെ പൂർത്തീകരിക്കുകയും www.kslb.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ